## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911** **03-08-2021 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി.യുടെ പെട്രോൾ പമ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോട്കൂടി, കൂടുതൽ യാത്രാ സൗകാര്യങ്ങൾ ഒരുക്കി, കൂടുതൽ യാത്രക്കാരെ ആകർഷിച്ച്, കൂടുതൽ വരുമാനം കൈവരിക്കുക എന്ന ലക്ഷ്യത്തോട് കൂടി കെ.എസ്.ആർ.ടി.സി.യുടെ പരിപൂർണ്ണ സഹായ സഹകരണത്തോട് കൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽകാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 4. കെ.എസ്.ആർ.ടി.സി.യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരിൽ 25 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 5. കെ.എസ്.ആർ.ടി.സി യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ആയത് ദേശീയ ശരാശരിയേക്കാൾ കുറച്ച് ചിലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് മാനേജീരിയൽ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ |

നിയമിക്കുന്നതിനും, നിശ്ചിത യോഗ്യതയുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെയും ക്ലറിക്കൽ വിഭാഗം ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവർ കുറവുള്ള പക്ഷം മറ്റ് വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെയും ചേർത്ത് കെ.എസ്.ആർ.ടി.സി.യുടെ മിനിസ്റ്റീരിയൽ വിഭാഗത്തെ അഡ്മിനിസ്ട്രേഷൻ / അക്കൗണ്ട്സ് എന്നിങ്ങനെ രണ്ട് വിഭാഗമാക്കി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 7. BOND Service / City Circular Service / Feeder Service മുതലായവയുടെ സഹായത്തോട്കൂടി പൊതുജനത്തിന് കൂടുതൽ യാത്രാ സൗകര്യം നൽകി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 8. ആധുനിക സൗകര്യങ്ങൾ ഉള്ള ETM നടപ്പിലാക്കുന്നതാണ്. 9. കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ ഉള്ള ഇന്ധന പമ്പുകൾ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കുന്നതിന് സജ്ജീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് പരിവർത്തനം വരുത്തുന്നതിനായി 07.01.2021 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചതിൽ 3 കമ്പനികൾ യോഗ്യത നേടുകയും, ദർഘാസിന്റെ 2-ാം ഘട്ടമായ POC (Proof of concept) പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. പ്രാഥമിക യോഗ്യത നേടിയ സ്ഥാപനങ്ങൾ ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നും ആയതിനാൽ കോവിഡ്-19 നിയന്ത്രണങ്ങൾ പദ്ധതിയെ ബാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള 5 ഡീസ്സൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പുനർദർഘാസിൽ 2 കമ്പനികൾ പങ്കെടുത്തിട്ടുള്ളതും ടെണ്ടർ തുറന്ന് രേഖകൾ പരിശോധിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയുമാണ്. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽ നിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതി ഇതോടൊപ്പം പുരോഗമിക്കുകയാണ്. സി.എൻ.ജി / എൽ.എൻ.ജി ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിന് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽ നിന്നും ഒരു സി.എൻ.ജി ബസ്സ് വാങ്ങുകയും 23.03.2018 മുതൽ കെ.എസ്.ആർ.ടി.സി ആലുവ

യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും, നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തിയതിൽ നിന്നും ടി മോഡൽ ബസ്സുകൾ പ്രോത്സാഹന ജനകമായി കാണുന്നു. ഇന്ധന വിലയിൽ 38% കുറവ് വന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ M/s Petronet LNGയുടെ ഉടമസ്ഥതയിൽ ഉള്ള 2 എൽ.എൻ.ജി ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി 21.6.2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നി വിടങ്ങളിലേക്ക് ഇപ്പോൾ സർവ്വീസ് നടത്തി വരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തു വരുകയാണ്. പൊതുജനങ്ങൾക്കും, യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും, സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSITനെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കികഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി, വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ സർവ്വീസിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ സർവ്വീസുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി സർവ്വീസ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും, ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ

| | | | |
|---|---|---|---|
| | | | റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ജീവനക്കാരുടെ ശമ്പള വിവരങ്ങളും, സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് ഉടങ്ങിയ സംവിധാനങ്ങളോട് കൂടിയ ജി-സ്പാർക്ക് സ്റ്റോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗത ഏറിയതും കാര്യക്ഷമമാക്കുന്നതിനും IT MISSION-ന്റെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനു ആവശ്യമായ കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ച് വരികയാണ്. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതിനായി IT MISSION-മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുവാനായി പമ്പുകൾ തുടങ്ങുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ പൊതുജനങ്ങൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുന്ന പമ്പുകളില്ല. എന്നാൽ കെ.എസ്.ആർ.ടി.സി-യിൽ നിലവിലുള്ള പമ്പുകളിൽ പുതുതായി തുടങ്ങുന്ന റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളിൽ നിന്നും പൊതുജനങ്ങൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനം വർദ്ധിക്കും. |
| (സി) | പമ്പുകൾ സ്ഥാപിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; വിശദമാക്കാമോ; | (സി) | ഇല്ല. നിലവിൽ പുതിയ പമ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട എല്ലാ ഉപകരണങ്ങളും, ഇൻഫ്രാസ്ട്രച്ചർ ഫെസിലിറ്റികളും, ഐ.ഒ.സി-യുടെ ചിലവിലും, ഇതിലേയ്ക്ക് നിയോഗിക്കുന്ന ജീവനക്കാരുടെ വേതനം, മറ്റ് ദൈനംദിന ആവശ്യങ്ങൾക്കായുള്ള ഉപഭോഗവസ്തുക്കളുടെ ചിലവ് എന്നിവ കെ.എസ്.ആർ.ടി.സി.യുമാണ് വഹിക്കുന്നത്. |
| (ഡി) | പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചുവരുന്നതിനാൽ സി.എൻ.ജി.-യിലേക്കും ഇലക്ട്രിക്ക് വാഹനങ്ങളിലേക്കും മാറുന്നതായി കെ. എസ്. ആർ. ടി. സി. പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്തുത പമ്പുകൾ വഴി സി. എൻ. ജി. ഇന്ധനം കൂടി | (ഡി) | നിലവിലുള്ള പമ്പുകളിൽ ഇപ്പോൾ സി.എൻ.ജി., എൽ.എൻ.ജി. എന്നിവ ലഭ്യമല്ല. എന്നാൽ എൽ.എൻ.ജി., സി.എൻ.ജി., ഇലക്ട്രിക് ചാർജ്ജിംഗ് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ആയവ |

| | | | |
|---|---|---|---|
| | നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | കെ.എസ്.ആർ.ടി.സി.യുടെ ഈ റീട്ടെയിൽ ഔട്ട്‌ലെറ്റ് പമ്പുകളിലും ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ